# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 645</u>                    <u>11.06.2014 ൽ മറുപടിക്ക്</u>

## <u>പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെയും ഉപകേന്ദ്രങ്ങളുടെയും ശാക്തീകരണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. വി.റ്റി. ബൽറാം<br>" എ. റ്റി. ജോർജ്<br>" വർക്കല കഹാർ<br>" ആർ. സെൽവരാജ് | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെയും ഉപ കേന്ദ്രങ്ങളുടെയും ശാക്തീകരണ ത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; | (എ) & (ബി) & (സി) & (ഡി) | രോഗപ്രതിരോധ പ്രവർത്തനങ്ങൾ, പകർച്ച വ്യാധി നിയന്ത്രണം, മാതൃശിശുസംരക്ഷണം, ഔട്ട്പേഷ്യന്റ് ചികിത്സ തുടങ്ങിയ കാര്യങ്ങൾക്ക് ഊന്നൽ നൽകി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് പ്രാഥമികാരോഗ്യ കേന്ദ്ര ങ്ങളും ഉപകേന്ദ്രങ്ങളും. എല്ലാ ഗ്രാമപഞ്ചായത്തു കളിലും ഓരോ പ്രാഥമികാരോഗ്യകേന്ദ്രം സ്ഥാപിക്കുക എന്ന നയമാണ് സ്വീകരിച്ചി ട്ടുള്ളത്. സ.ഉ(എം.എസ്) നം.568/2008/ആകുവ തീയതി 06/11/2008 പ്രകാരം പ്രാഥമികാ രോഗ്യകേന്ദ്രങ്ങളുടെ സ്റ്റാഫ് പാറ്റേണും ലഭ്യമാകുന്ന സേവനസൗകര്യങ്ങളും പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ എൻ.ആർ.എച്ച്.എം. മുഖേന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളോടനുബന്ധിച്ചുള്ള ആരോഗ്യകുടുംബ ക്ഷേമ ഉപകേന്ദ്രങ്ങളുടെ കെട്ടിട നിർമ്മാണവും പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ പ്രൈമറി ഹെൽത്ത് ലാബുകളുടെ നിർമ്മാണവും നടത്തുന്ന തിന് ഒരു കർമ്മപദ്ധതി സ.ഉ(ആർ.ടി) നം.3773/2013/ആകുവ തീയതി 12/11/2013 പ്രകാരം രൂപീകരിച്ചിട്ടുണ്ട്. അതിൻപ്രകാരം 120 സബ്സെന്ററുകളും 500 പ്രൈമറി ഹെൽത്ത് ലാബുകളും സ്ഥാപിക്കുന്നതിന് തീരുമാനി ച്ചിട്ടുണ്ട്. സംസ്ഥാനത്തെ 14 ജില്ലകളിലുമായി 171 പ്രൈമറി ഹെൽത്ത് ലാബുകൾ, 161 പി.എച്ച്.സി കളിലും 10 സി.എച്ച്.സി കളിലും ആരംഭിക്കുന്നതിനുള്ള ശുപാർശ 03/02/2014 -ലെ സ.ഉ(ആർ.ടി) 385/2014/ആകുവ പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. പൊതുജനാരോഗ്യ |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത കർമ്മപദ്ധതികൾ വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | | |
| (സി) | എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും ഉപ കേന്ദ്രങ്ങളിലും ഒരുക്കാനു ദ്ദേശിക്കുന്നത് ; | | |

| | | | |
|---|---|---|---|
| (ഡി) | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടി എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | | പ്രവർത്തനങ്ങളും കുടുംബക്ഷേമ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിനും കൂടുതൽ വിപുലമാക്കുന്നതിനുമാണ് പ്രസ്തുത കർമ്മ പദ്ധതികൾ വഴി ഉദ്ദേശിക്കുന്നത്. പി.എച്ച്.സി യിൽ ഫാർമസി, ഇമ്മ്യൂണൈസേഷൻ, ലബോറട്ടറി, ഡ്രസിംഗ്, പേഷ്യന്റ് വെയിറ്റിംഗ് ഏരിയ, ഒ.പി. മുറി ഇവ ഉൾപ്പെടുന്ന സൗകര്യങ്ങളാണ് സജ്ജീകൃതമാവുക. ഉപ കേന്ദ്രങ്ങളിൽ വെയിറ്റിംഗ് ഏരിയ, പരിശോധനാമുറി, ക്ലിനിക്ക്, സ്റ്റോർ, JPHN ന്റെ താമസ സൗകര്യത്തിനായുള്ള മുറികൾ ഇവ ഉൾപ്പെടുന്നു. കേരളമൊട്ടാകെ ഒരേ മാതൃകയിൽ 100 ഉപകേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നിരവധി സ്ഥലങ്ങളിൽ ആരംഭിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ